**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **30.9.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 1264**

**തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കുന്നത്; | (എ) പ്ളാന്റേഷൻ ലേബർ കമ്മിറ്റി സെറ്റിൽമെന്റുകൾ പ്രകാരം തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം മൂന്നു വർഷം കൂടുമ്പോഴാണ് നടപ്പിലാക്കിവരുന്നത്. |
| (ബി) ഇപ്പോൾ തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളം എന്ന് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) നിലവിൽ തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളം സർക്കാർ വിജ്ഞാപനം ജി.ഒ.(ആർ.റ്റി) നം.804/2009/തൊഴിൽ തീയതി 12/6/09 അനുസരിച്ചുള്ളതാണ്. തേയില തോട്ടങ്ങളിൽ 15/7/2008 മുതലും റബ്ബർ പ്ളാന്റേഷൻ മേഖലയിൽ 1/4/2008 മുതലും കാപ്പി, ഏലം മേഖലകളിൽ 1/7/2008 മുതലുമാണ് ഈ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | (സി) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 29/9/2008-ലെ പ്ളാന്റേഷൻ സെറ്റിൽമെന്റ് പ്രകാരം 30/9/2011-ന് അവസാനിക്കുകയാണ്. തുടർന്ന് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള സുദീർഘമായ ചർച്ചകൾ 24/8/11, 5/9/2011, 22/09/11 എന്നീ തീയതികളിൽ കൂടിയ പ്ളാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ നടന്നു. അടുത്ത പ്ളാന്റേഷൻ ലേബർ കമ്മിറ്റി യോഗം 3/10/2011-ന് കൂടുന്നതാണ്. ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വർദ്ധനവിന്റെ നിരക്ക് ഇതു സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ